# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാ ത്ത നിയമസഭാ ചോദ്യം നം. 2654 19.03.15 -ലെ മറുപടിക്ക്

### വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

| ചോദ്യം | ഉ ത്ത രം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, ഷാഫി പറമ്പിൽ : | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസ ഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തൊ ക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) നേഴ്സറിതലം മുതൽ പത്താംക്ലാസ് വരെ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വാർഷിക ലംപ്സംഗ്രാന്റ്, വേടൻ, വേട്ടുവ, നായാടി, അരുന്ധതിയാർ, ചക്ലിയൻ എന്നീ വിഭാഗത്തിൽപ്പെടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വാർഷിക ലംപ്സംഗ്രാന്റിന് പുറമേ പ്രതിമാസ സ്റ്റൈപ്പന്റ് കൂടി അനുവദിച്ചു വരുന്നു. 2012-13 വർഷം മുതൽ IX, X ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം പ്രതിമാസം 150/- രൂപ ഡേസ്കോളേഴ്സിനും, 350/- രൂപ ഹോസ്റ്റലേഴ്സിനും യഥാക്രമം 750/-, 1,000/- രൂപ ബുക്ക്സിനും, അഡ്ഹോക്ക് ഗ്രാന്റായും അനുവദിച്ച് വരുന്നു.<br><br>അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ് ചെയ്ത് നൽകുന്നു. അംഗീകൃത ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നവർക്ക് യഥാർത്ഥ ഭക്ഷണ ചെലവും, പോക്കറ്റ്മണിയായി 100/- രൂപയും പ്രീ-മെട്രിക് പഠനത്തിന് ലംപ്സംഗ്രാന്റിന ത്തിൽ നേഴ്സറി സ്കൂൾ 100/- രൂപ, എൽ.പി. 250/- രൂപ, യു.പി 500/- രൂപ, ഹൈസ്കൂൾ 750/- രൂപ എന്നീ നിരക്കിലും അനുവദിച്ചു വരുന്നു. |

| | |
|---|---|
| | പോസ്റ്റ് മെട്രിക് തലത്തിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 350/- രൂപ മുതൽ 25,00/- രൂപ വരെ വ്യത്യസ്ത നിരക്കിൽ ലംപ്സംഗ്രാന്റും 8 കി. മീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് 500/- രൂപ, 8 കി. മീറ്ററിന് വെളിയിൽ താമസിക്കുന്നവർക്ക് 600/- രൂപ, എന്നീ നിരക്കുകളിൽ സ്റ്റൈപ്പന്റ് അംഗീകൃത ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നവർക്ക് യഥാർത്ഥ താമസ ഭക്ഷണ ചെലവും, പോക്കറ്റ്മണിയായി 150/- രൂപയും പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് സ്ഥാപനത്തോട് ചേർന്ന് ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാതിരിക്കുകയും വകുപ്പിന്റെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ അപേക്ഷിച്ചിട്ട് പ്രവേശനം ലഭിക്കാതിരിക്കുകയും വിദ്യാർത്ഥി സ്വന്തം നിലയിൽ പഠനം തുടരുകയുമാണെങ്കിൽ 1500/- രൂപ ബോർഡിംഗ് ഗ്രാന്റായും അനുവദിച്ച് വരുന്നു.<br>സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്ന പ്രകാരം മെറിറ്റ്/റിസർവേഷൻ സീറ്റുകളിൽ പ്രവേശനം നേടുന്നവർക്കും, ഡി.എം.ഇ, ഡി.എച്ച്.എസ്, നഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, സ്പെഷ്യൽ ഫീസ് സർക്കാർ/സർക്കാർഏജൻസി യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും അനുവദിച്ച് വരുന്നു. |
| (ബി) പ്രസ്തുത ആനുകൂല്യങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) സംസ്ഥാന പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം വർദ്ധിപ്പിച്ചുകൊണ്ട് സ.ഉ. (കൈ)നം.06/12/പജപവവിവ തീയതി 11.01.12 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) ഈ ആനുകൂല്യങ്ങൾ നൽകുന്നതിനായി 2011-12, 2012-13, 2013-14 വർഷങ്ങളിൽ എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; | (സി) പോസ്റ്റ് മെട്രിക് സ്റ്റഡീസ് / പ്രീ-മെട്രിക് സ്റ്റഡീസ്<br>2011-12 - 145.44 കോടി / 1672.78 ലക്ഷം<br>2012-13 - 179.54 കോടി / 2914.44 ലക്ഷം<br>2013-14 - 187.99 കോടി / 2987.65 ലക്ഷം<br>IX, X ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്രധനസഹായമായി |

| | |
|---|---|
| | ചുവടെ പറയുന്ന നിരക്കിൽ തുക അനുവദിച്ചു നൽകിയിട്ടുണ്ട്:<br>2012-13 – 16,53,52,700/-<br>2013-14 – 19,32,00,000/- |
| (ഡി) 2013-14 സാമ്പത്തിക വർഷം യഥാസമയം അപേക്ഷ സമർപ്പിച്ച എത്ര വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഇനിയും വിതരണം ചെയ്യാനുണ്ട്? | (ഡി) അപേക്ഷയിലെ ന്യൂനതകൾ കാരണം 1762 പേർക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ